# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2474** **12.06.2018-ൽ മറുപടിക്ക്**

### മണപ്പള്ളിയിൽ വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും

| | ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മണപ്പള്ളി മേഖലയിൽ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി തടസവും വോൾട്ടേജ് ക്ഷാമവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) & (ബി) | 66 കെ.വി. കരുനാഗപ്പള്ളി സബ്സ്റ്റേഷനിലെ പാനലുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും, റിലേ പാനലിൽ പ്രശ്നങ്ങൾ കാരണവും, വേനൽ മഴ മൂലവും, മണപ്പള്ളി പ്രദേശത്ത് സാധാരണയിൽ കവിഞ്ഞ് വൈദ്യുതി തടസ്സം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ടി പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ